# കേരള സർക്കാർ
# പൊതുവിദ്യാഭ്യാസ വകുപ്പ്

## പത്താംതരം തുല്യതാപരീക്ഷ
## നവംബർ – 2025

# വിജ്ഞാപനം

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം – 12

ഇ.എക്സ്/സി.ജി.എൽ(4)/ 26880/2025/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം-12
തീയതി : 25/09/2025

# വിജ്ഞാപനം

വിഷയം :- പത്താംതരം തുല്യതാപരീക്ഷ 2025 - പരീക്ഷ നടത്തിപ്പ് - സംബന്ധിച്ച്

സൂചന :-
1) ജി.ഒ.(എം.എസ്) നം. 78/2004/പൊ.വി.വ., തീയതി 09/03/2004.
2) സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ 26/06/2008 ലെ ഇ4/1981/08 നമ്പർ കത്ത്.
3) സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3201/2008/പൊ.വി.വ, തീയതി 14/07/2008.
4) ജി.ഒ. (എം.എസ്) 87/10/പൊ.വി.വ. തീയതി 29/05/2010.
5) സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2559/2012/പൊ.വി.വ., തീയതി 04/06/2012.
6) സർക്കാർ ഉത്തരവ് (എം.എസ്) നം. 3432/12/പൊ.വി.വ., തീയതി 19/07/2012.
7) സർക്കാർ ഉത്തരവ് നമ്പർ 21/2015/ഉ.ഭ.പ.വ., തീയതി 29/06/2015.
8) സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ 03/12/2020, 15/12/2020 തീയതികളിലെ ഇ4/2962/19-ാം നമ്പർ കത്തുകൾ.
9) സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ 10/11/2020-ലെ ഇ4/7348/17-ാം നമ്പർ കത്ത്.
10) സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ 05/04/2022-ലെ ഇ2/2051/22-ാം നമ്പർ ഉത്തരവ്.
11) 27/08/2025 ലെ സാക്ഷരതാ മിഷൻ ഡയറക്ടറുടെ എ5/4849/24/കെ.എസ്.എൽ.എം.എ നമ്പർ കത്ത്.

09/03/2004-ലെ ജി.ഒ.(എം.എസ്) 78/2004/പൊ.വി.വ ഉത്തരവ് പ്രകാരം ആരംഭിച്ച പത്താംതരം തുല്യതാ കോഴ്സിലെ പതിനെട്ടാം ബാച്ചിന്റെ പരീക്ഷ **08/11/2025** ൽ ആരംഭിച്ച് **18/11/2025** ൽ അവസാനിക്കുന്നതാണ്. ഗ്രേഡിംഗ് രീതിയിൽ മാത്രമാണ് പരീക്ഷ നടത്തപ്പെടുന്നത്. നവംബർ 2025-ൽ ആദ്യമായി പരീക്ഷ എഴുതുന്ന മലയാളം, തമിഴ്, കന്നട മീഡിയം പരീക്ഷാർത്ഥികൾ മുഴുവൻ പേപ്പറുകളും എഴുതേണ്ടതാണ്. തമിഴ്, മലയാളം മീഡിയം പരീക്ഷ പുതിയ സിലബസ് പ്രകാരമുള്ള പരിഷ്ക്കരിച്ച പാഠപുസ്തകങ്ങൾ അനുസരിച്ചാണ് നടത്തുന്നത്. കന്നഡ മീഡിയം പാഠപുസ്തകങ്ങളുടെ തർജ്ജിമ പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ മീഡിയത്തിന്റെ പൊതുപരീക്ഷ (സൂചന 11 പ്രകാരം) ഓൾഡ് സ്കീമിൽ തന്നെ നടത്തുന്നതാണ്. എന്നാൽ മുൻ വർഷങ്ങളിൽ ഗ്രേഡിംഗ് രീതിയിൽ പരീക്ഷ എഴുതി വിജയിക്കാതെ പോയ ഓൾഡ്/ന്യൂ സ്കീം പരീക്ഷാർത്ഥികൾക്ക് വിജയിക്കാത്ത വിഷയങ്ങൾക്ക് മാത്രമായി അതത് സ്കീമിൽ പരീക്ഷ എഴുതാവുന്നതാണ്.

ഉപരിപഠനത്തിനും ജോലിക്കയറ്റത്തിനും പത്താംതരം തുല്യതാ പരീക്ഷാ സർട്ടിഫിക്കറ്റ് എസ്.എസ്.എൽ.സി യ്ക്ക് തുല്യമായി മേൽ സൂചന (1) & (7) പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. എന്നാൽ വിജയിക്കാത്ത പത്താംതരം തുല്യതാ

പരീക്ഷാർത്ഥികളുടെ സർട്ടിഫിക്കറ്റ് എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് പരാജയപ്പെട്ടവരുടെ സർട്ടിഫിക്കറ്റിനു തുല്യമായി പരിഗണിക്കുന്നതല്ല.

**ഗ്രേഡിംഗ് രീതിയിലെ പരീക്ഷ സംബന്ധിച്ച വിവരങ്ങൾ**

1) 14/06/2012 ലെ സ.ഉ.(സാധാ) നമ്പർ 2559/2012/പൊ.വി.വ പ്രകാരം 2011-12 മുതൽ പത്താംതരം തുല്യതാ പരീക്ഷയ്ക്ക് 9 പേപ്പറുകൾ ഉൾപ്പെടുന്ന പരീക്ഷയാണ് നടത്തുന്നത്. എല്ലാ പേപ്പറുകൾക്കും എഴുത്തുപരീക്ഷയും തുടർ മൂല്യനിർണ്ണയവും ഉണ്ടായിരിക്കും.
2) മാതൃഭാഷ, ഇംഗ്ലീഷ്, സാമൂഹ്യശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങൾക്ക് എഴുത്തു പരീക്ഷയുടേയും തുടർ മൂല്യനിർണ്ണയത്തിന്റെയും സ്കോർ 60:20, ഊർജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം, ഐ.ടി എന്നീ വിഷയങ്ങൾക്ക് 30:10, ഹിന്ദിയുടേത് 40:10 എന്ന അനുപാതത്തിലും ആയിരിക്കും.
3) 60 സ്കോർ ഉള്ള വിഷയങ്ങൾക്ക് രണ്ടര മണിക്കൂറും, 30 സ്കോർ ഉള്ള വിഷയങ്ങൾക്ക് ഒന്നര മണിക്കൂറും, ഹിന്ദി വിഷയത്തിന് 2 മണിക്കൂറുമാണ് പരീക്ഷാ സമയം. ഇത് കൂടാതെ എല്ലാ പരീക്ഷയുടേയും ആരംഭത്തിൽ 20 മിനിറ്റ് സമാശ്വാസ സമയവും ഉണ്ടായിരിക്കും.
4) ഗ്രേഡിംഗ് രീതിയിൽ പരീക്ഷ എഴുതുന്നവരുടെ സർട്ടിഫിക്കറ്റിൽ സ്കോർ ഒഴിവാക്കി ഗ്രേഡ് മാത്രമേ രേഖപ്പെടുത്തുകയുള്ളൂ.
5) 9 പോയിന്റ് സ്കെയിലിലാണ് ഗ്രേഡിംഗ് നടപ്പിലാക്കുന്നത്.

**ഗ്രേഡിംഗ് രീതിയിലുള്ള പരീക്ഷയുടെ വിഷയം, സ്കോർ, സമയം എന്നിവയുടെ സംക്ഷിപ്തം താഴെ കൊടുത്തിരിക്കുന്നു.**

**New Scheme – മലയാളം, തമിഴ് മീഡിയം**

**Old Scheme – കന്നഡ മീഡിയം**

| ക്രമ നം. | വിഷയം | സ്കോർ | | | സമയം |
|---|---|---|---|---|---|
| | | സി.ഇ | എഴുത്തു പരീക്ഷ | ആകെ | |
| 1) | ഒന്നാംഭാഷ | 20 | 60 | 80 | രണ്ടര മണിക്കൂർ |
| 2) | ഇംഗ്ലീഷ് | 20 | 60 | 80 | രണ്ടര മണിക്കൂർ |
| 3) | ഹിന്ദി | 10 | 40 | 50 | രണ്ട് മണിക്കൂർ |
| 4) | സോഷ്യൽ സയൻസ് | 20 | 60 | 80 | രണ്ടര മണിക്കൂർ |
| 5) | ഊർജ്ജതന്ത്രം | 10 | 30 | 40 | ഒന്നര മണിക്കൂർ |
| 6) | രസതന്ത്രം | 10 | 30 | 40 | ഒന്നര മണിക്കൂർ |
| 7) | ജീവശാസ്ത്രം | 10 | 30 | 40 | ഒന്നര മണിക്കൂർ |
| 8) | ഗണിതശാസ്ത്രം | 20 | 60 | 80 | രണ്ടര മണിക്കൂർ |
| 9) | ഇൻഫർമേഷൻ ടെക്നോളജി | 10 | 30 | 40 | ഒന്നര മണിക്കൂർ |

## ഗ്രേഡിംഗ് സ്കെയിൽ

| | | | |
|---|---|---|---|
| A+ | 90% മുതൽ 100% വരെ | 9 | Outstanding |
| A | 80% മുതൽ 89% വരെ | 8 | Excellent |
| B+ | 70% മുതൽ 79% വരെ | 7 | Very Good |
| B | 60% മുതൽ 69% വരെ | 6 | Good |
| C+ | 50% മുതൽ 59% വരെ | 5 | Above Average |
| C | 40% മുതൽ 49% വരെ | 4 | Average |
| D+ | 30% മുതൽ 39% വരെ | 3 | Marginal |
| D | 20% മുതൽ 29% വരെ | 2 | Need |
| E | 20 ശതമാനത്തിൽ താഴെ | 1 | Need Improvement |

## ഉപരിപഠനത്തിനുള്ള അർഹത

താഴെ പറഞ്ഞിരിക്കുന്ന രണ്ടു വിഭാഗത്തിലും ഉൾപ്പെടുന്നവർക്ക് മാത്രമേ ഉപരി പഠനത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

1) എഴുത്തുപരീക്ഷയിൽ ഒന്നാം ഭാഷ, ഇംഗ്ലീഷ്, സാമൂഹ്യശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങൾക്ക് 15 സ്കോർ വീതവും ഹിന്ദിക്ക് 10 ഉം ഊർജ്ജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം, ഐ.ടി എന്നീ വിഷയങ്ങൾക്ക് 8 സ്കോർ വീതവും കുറഞ്ഞത് ലഭിക്കേണ്ടതാണ്.
2) കൂടാതെ ഓരോ വിഷയത്തിനും തുടർമൂല്യനിർണ്ണയവും എഴുത്തുപരീക്ഷയ്ക്കും ലഭിച്ച ആകെ സ്കോർ ചേർത്ത് കണക്കാക്കുമ്പോൾ മിനിമം ഡി+ ഗ്രേഡും (30%-39%) ലഭിക്കേണ്ടതാണ്.

## പത്താംതരം തുല്യതാപരീക്ഷ എഴുതാനുള്ള അർഹത

### 1. റഗുലർ വിഭാഗം (ആദ്യമായി പരീക്ഷ എഴുതുന്നവർ)

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടത്തുന്ന 18-ാം ബാച്ചിലെ 10-ാം തരം തുല്യതാ കോഴ്സ് പൂർത്തീകരിച്ചവരും ഫെബ്രുവരി 1 (പത്താംതരം തുല്യതാ കോഴ്സിൽ രജിസ്റ്റർ ചെയ്യുന്നതിന് രജിസ്ട്രേഷൻ ആരംഭിച്ച മാസം 1-ാം തീയതി) 17 വയസ്സ് പൂർത്തിയാക്കിയവരുമായ പഠിതാക്കൾക്ക് റഗുലർ വിഭാഗത്തിൽ നവംബർ 2025-ൽ പത്താംതരം തുല്യതാപരീക്ഷ എഴുതാവുന്നതാണ് (സൂചന 9). പ്രസ്തുത പരീക്ഷ പുതിയ സിലബസ് പ്രകാരമുള്ള പരിഷ്കരിച്ച പാഠപുസ്തകങ്ങൾ അനുസരിച്ചാണ് നടത്തുന്നത്.

എന്നാൽ ഈ വർഷം (നവംബർ 2025) പുതിയ സിലബസ് പ്രകാരം മലയാളം, തമിഴ് മീഡിയത്തിൽ മാത്രമേ പരീക്ഷ നടത്തുന്നുള്ളൂ. കന്നഡ മീഡിയം പരിഷ്ക്കരിച്ച പാഠപുസ്തകങ്ങളുടെ തർജ്ജിമ പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ മീഡിയത്തിന്റെ പൊതുപരീക്ഷ ഓൾഡ് സ്കീമിൽ തന്നെ നടത്തുന്നതാണ് (സൂചന 11).

2. **പ്രൈവറ്റായി പരീക്ഷ എഴുതുന്നവർ**

പ്രൈവറ്റ് വിഭാഗത്തിൽ ഗ്രേഡിംഗ് രീതിയിൽ മാത്രമേ പരീക്ഷകൾ നടത്തുന്നുള്ളു.

**പ്രൈവറ്റ് വിഭാഗം (ഗ്രേഡിംഗ്/ഓൾഡ് സ്കീം)**

2012 ഒക്ടോബർ മുതൽ 2023 സെപ്തംബർ വരെ ഗ്രേഡിംഗ് രീതിയിൽ പത്താംതരം തുല്യതാ പരീക്ഷ എഴുതി വിജയിക്കാൻ കഴിയാത്തവർക്ക് പരാജയപ്പെട്ട വിഷയങ്ങൾക്ക് മാത്രമായി ഓൾഡ് സ്കീമിൽ പരീക്ഷ എഴുതാവുന്നതാണ്.

**പത്താംതരം തുല്യതാപരീക്ഷ – നവംബർ 2025 – സമയവിവര പട്ടിക**

**മലയാളം, തമിഴ് മീഡിയം : ന്യൂ സ്കീം**
**കന്നഡ മീഡിയം : ഓൾഡ് സ്കീം**

| തീയതി | ദിവസം | സമയം | വിഷയം |
|---|---|---|---|
| 08/11/2025 | ശനി | 9.40 AM to 12.30 PM | ഒന്നാം ഭാഷ (മലയാളം/തമിഴ്/കന്നഡ) |
| 08/11/2025 | ശനി | 1.40 PM to 4.30 PM | ഹിന്ദി |
| 09/11/2025 | ഞായർ | 9.40 AM to 12.30 PM | ഇംഗ്ലീഷ് |
| 09/11/2025 | ഞായർ | 1.40 PM to 3.30 PM | രസതന്ത്രം |
| 16/11/2025 | ഞായർ | 9.40 AM to 11.30 PM | ഊർജ്ജതന്ത്രം |
| 16/11/2025 | ഞായർ | 1.40 PM to 3.30 PM | ജീവശാസ്ത്രം |
| 17/11/2025 | തിങ്കൾ | 9.40 AM to 11.30 PM | ഇൻഫർമേഷൻ ടെക്നോളജി |
| 17/11/2025 | തിങ്കൾ | 1.40 PM to 4.30 PM | ഗണിതശാസ്ത്രം |
| 18/11/2025 | ചൊവ്വ | 9.40 AM to 12.30 PM | സോഷ്യൽ സയൻസ് |

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. അംഗീകരിച്ചിട്ടുള്ള ഇന്ത്യൻ ഔദ്യോഗിക സമയക്രമം പാലിക്കേണ്ടതാണ്.
2. പരീക്ഷാ സമയ പട്ടികയിൽ നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും ദിവസം സർക്കാർ പൊതു അവധി പ്രഖ്യാപിക്കുകയാണെങ്കിൽ കൂടി പരീക്ഷാ കമ്മീഷണറുടെ നിർദ്ദേശം ഇല്ലാതെ പരീക്ഷ മാറ്റി വയ്ക്കുന്നതല്ല.
3. പരീക്ഷയുടെ ആരംഭത്തിലെ 20 മിനിട്ട് സമാശ്വാസ സമയമായിരിക്കും (Cool off Time). ഈ സമയത്ത് യാതൊരു കാരണവശാലും പരീക്ഷാർത്ഥികൾ ഉത്തരക്കടലാസ്സിൽ ഉത്തരങ്ങൾ എഴുതുവാൻ പാടുള്ളതല്ല.

**പരീക്ഷാ ഫീസ് താഴെ പറയും പ്രകാരം നിശ്ചയിച്ചിരിക്കുന്നു (സൂചന 10)**

| പരീക്ഷാ ഫീസ് | | രൂപ |
|---|---|---|
| എ) | റഗുലർ വിഭാഗം (ആദ്യമായി പരീക്ഷ എഴുതുന്നവർ) | 750/- |
| ബി) | ഓൾഡ് സ്കീം ഗ്രേഡിംഗ് (പ്രൈവറ്റ്) ഒരു വിഷയം | 100/- |

**<u>പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ</u>**

റഗുലർ വിഭാഗത്തിലുള്ളവർ (ആദ്യമായി പരീക്ഷ എഴുതുന്നവർ) മുഴുവൻ വിഷയങ്ങളും എഴുതേണ്ടതാണ്. അപേക്ഷകൾ ഓൺലൈനായി കൺഫർമേഷൻ നൽകിയതിനുശേഷം അതിന്റെ പ്രിന്റൗട്ട് അനുബന്ധരേഖകളോടൊപ്പം നിശ്ചിത ഫീസ് സഹിതം പരീക്ഷാ സെന്ററിലെ ചീഫ് സൂപ്രണ്ടിന് നൽകേണ്ടതാണ്. ഒരിക്കൽ ഒടുക്കിയ പരീക്ഷാഫീസ് യാതൊരു കാരണവശാലും തിരിച്ചു കൊടുക്കുകയോ തുടർന്ന് വരുന്ന പരീക്ഷകൾക്ക് കണക്കാക്കുകയോ ചെയ്യുന്നതല്ല.

പരീക്ഷാർത്ഥികൾ നേരിട്ട് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനായി പരീക്ഷാഭവന്റെ വെബ്സൈറ്റിൽ സൗകര്യമുണ്ട് xequivalency.kerala.gov.in-ൽ ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ പേജിൽ എത്താവുന്നതാണ്. ആദ്യമായി പരീക്ഷ, എഴുതുന്നവർക്ക് ഓൺലൈനായി മാത്രമേ രജിസ്ട്രേഷനും കൺഫർമേഷനും നടത്താൻ സാധിക്കൂ.

**<u>ഓൺലൈൻ രജിസ്ട്രേഷൻ & കൺഫർമേഷൻ ചെയ്യേണ്ട വിധം</u>**

പരീക്ഷാഭവന്റെ വെബ്സൈറ്റ് xequivalency.kerala.gov.in-ൽ X Equivalency Examination 2025 Registration എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ X Equivalency Examination 2025 Registration form എന്ന പേജ് ലഭ്യമാകും. ഇതിൽ മൂന്ന് ഭാഗങ്ങളിലായി വിവരങ്ങൾ നൽകണം.

എ) പരീക്ഷ എഴുതുന്ന ആളിന്റെ വ്യക്തിവിവരങ്ങൾ (പേര്, ജനനതീയതി, ആധാർ നമ്പർ, മേൽ വിലാസം, അച്ഛൻ, രക്ഷകർത്താവ്, ഐഡന്റിഫിക്കേഷൻ മാർക്ക്, ജാതി, മതം തുടങ്ങിയവ)

ബി) പരീക്ഷയുമായി ബന്ധപ്പെട്ട വിവരങ്ങൾ (പരീക്ഷാ സെന്റർ, മീഡിയം, ഒന്നാംഭാഷ (മലയാളം, തമിഴ്, കന്നഡ) തുടങ്ങിയവ.

സി) ഫോട്ടോ പരീക്ഷ എഴുതുന്ന ആളിന്റെ സമീപകാലത്തെടുത്ത (3 മാസത്തിനുള്ളിൽ) കളർ/ബ്ലാക്ക് ആന്റ് വൈറ്റ് ഫോട്ടോ 150 X 200 വലിപ്പത്തിലുള്ള 20kb-30kb ഇടയിലുള്ള jpg, jpeg ഫോർമാറ്റിൽ ആയിരിക്കണം. മൂന്ന് ഭാഗങ്ങളിലേയും വിവരങ്ങൾ എല്ലാം നൽകിയശേഷം 'SAVE' ബട്ടണിൽ ക്ലിക്ക് ചെയ്ത് വിവരങ്ങൾ സേവ് ചെയ്യണം. നൽകിയ വിവരങ്ങൾ ശരിയാണോയെന്ന് തുടർന്ന് ലഭിക്കുന്ന പേജിൽ ഒന്നു കൂടി പരിശോധിക്കുവാനുള്ള അവസരം ഉണ്ട്. മാറ്റങ്ങൾ ആവശ്യമെങ്കിൽ ഇതേ പേജിൽ മാറ്റം വരുത്തിയശേഷം 'REGISTRATION' ബട്ടണിൽ ക്ലിക്ക് ചെയ്യുക. Registration നടത്തിയശേഷം അടിസ്ഥാന വിവരങ്ങൾ പരിശോധിക്കുന്നതിന് Reference Number രേഖപ്പെടുത്തിയ പ്രിവ്യൂ (Preview Print) ലഭിക്കുന്നതാണ്. പ്രിവ്യൂ പ്രിന്റ് എടുത്ത് അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതിൽ തെറ്റുകളൊന്നും

സംഭവിച്ചിട്ടില്ലെന്ന് പരീക്ഷാർത്ഥി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. അടിസ്ഥാന വിവരങ്ങൾ പരിശോധിച്ചതിന് ശേഷം കൺഫർമേഷൻ (Confirmation) നൽകേണ്ടതാണ്. കൺഫർമേഷൻ ചെയ്യുന്നതിനായി പരീക്ഷാ ഭവന്റെ വെബ്സൈറ്റിൽ പ്രവേശിച്ച് Registration for Standard X Equivalency Examination 2025 എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക. തുടർന്ന് ലഭിക്കുന്ന പേജിന്റെ Confirmation ലിങ്കിൽ ക്ലിക്ക് ചെയ്യുക (സ്ക്രീനിന്റെ ഇടതുവശത്തുള്ള) അപ്പോൾ ലഭിക്കുന്ന പേജിൽ Reference Number (പ്രിവ്യൂ പ്രിന്റിൽ ലഭ്യമായിരിക്കുന്ന) നൽകിയ ശേഷം OK ബട്ടൺ ക്ലിക്ക് ചെയ്യുക. തുടർന്ന് ലഭിക്കുന്ന പരീക്ഷാർത്ഥിയുടെ വിവരങ്ങൾ അടങ്ങിയ പേജിൽ തിരുത്തലുകൾ ആവശ്യമെങ്കിൽ വരുത്തിയശേഷം Confirmation ബട്ടൺ ക്ലിക്ക് ചെയ്യുക. Confirmation ചെയ്തശേഷം പരീക്ഷാകേന്ദ്രത്തിന്റെ പേര് രേഖപ്പെടുത്തിയ അന്തിമ പ്രിന്റ് (Application for Standard X Equivalency Examination 2025) എടുക്കാവുന്നതാണ്. പരീക്ഷ എഴുതുന്നവർ അന്തിമ പ്രിന്റിൽ (Application for Standard X Equivalency Examination 2025) യഥാസ്ഥാനത്ത് ഒപ്പ് രേഖപ്പെടുത്തി പരീക്ഷാസെന്ററിലെ ചീഫ് സൂപ്രണ്ടിന് പരീക്ഷാഫീസും അനുബന്ധരേഖകളും പരീക്ഷാർത്ഥിയെ തിരിച്ചറിയുന്നതിന് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റും സഹിതം നിശ്ചിത തീയതിക്കകം നൽകേണ്ടതാണ്.

പരീക്ഷാർത്ഥികൾക്ക് പരീക്ഷാ കേന്ദ്രത്തിൽ നിന്നും verify ചെയ്ത അപേക്ഷ പ്രിന്റെടുത്ത് പരിശോധിക്കുന്നതിന് അവസരം ഉണ്ടായിരിക്കും. (അനുബന്ധം 6 കാണുക). ഇതിനായി പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പ്രവേശിച്ച് Registration for Standard X Equivalency Examination 2025 എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക. തുടർന്ന് ലഭിക്കുന്ന പേജിൽ verified candidates report (സ്ക്രീനിന്റെ ഇടതുവശത്തുള്ള) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ ലഭിക്കുന്ന പേജിൽ Reference Number (പ്രിവ്യൂ പ്രിന്റിൽ ലഭ്യമായിരിക്കുന്ന) നൽകിയശേഷം OK ബട്ടൺ Click ചെയ്യുക. പരീക്ഷാകേന്ദ്രത്തിൽ നിന്ന് verify ചെയ്ത പരീക്ഷാർത്ഥിയുടെ വിവരങ്ങൾ അടങ്ങിയ അപേക്ഷ ലഭിക്കുന്നതായിരിക്കും. Verify ചെയ്ത അപേക്ഷയുടെ പ്രിന്റ് എടുക്കുന്നതിനുള്ള അവസരം ഉണ്ടായിരിക്കും. Verify ചെയ്ത അപേക്ഷയുടെ പ്രിന്റിൽ തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ നിശ്ചിത തീയതിക്കകം (അനുബന്ധം 6 കാണുക) പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന് രേഖാമൂലം അപേക്ഷ നൽകുക.

**പരീക്ഷാർത്ഥി കൺഫർമേഷൻ (Confirmation) നൽകാത്ത അപേക്ഷ പരീക്ഷാ കേന്ദ്രത്തിൽ സ്വീകരിക്കുന്നതല്ല.**

പരീക്ഷാർത്ഥിക്ക് ലഭിക്കുന്ന Reference Number ഉൾപ്പെട്ട പ്രിവ്യൂ പ്രിന്റ് (Preview Print) പരീക്ഷ കഴിയുന്നതുവരെ സൂക്ഷിക്കേണ്ടതാണ്. Registration നടത്തിയശേഷം പരീക്ഷയ്ക്ക് Confirmation ചെയ്യുന്നതിനും പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നും verify ചെയ്ത അപേക്ഷയുടെ പ്രിന്റ് എടുക്കുന്നതിനും Reference Number ആവശ്യമാണ്.

**പിഴയില്ലാതെ പരീക്ഷാഫീസ് ഒടുക്കേണ്ട തീയതി : 07/10/2025**
**പിഴയോടുകൂടി (പത്ത് രൂപ) ഫീസ് ഒടുക്കേണ്ട തീയതി : 09/10/2025**

താമസിച്ചു ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. പരീക്ഷാർത്ഥികളുടെ സ്വന്തം പേരിൽ പരീക്ഷാ ഫീസ് ട്രഷറിയിൽ ഒടുക്കുവാൻ പാടില്ല. അപ്രകാരം ലഭിക്കുന്ന അപേക്ഷ പരിഗണിക്കുന്നതല്ല. യാതൊരു കരാണവശാലും പരീക്ഷാഫീസ് നേരിട്ട് തുകയായോ, ചെക്കായോ, മണി ഓർഡറായോ, പോസ്റ്റൽ ഓർഡറായോ മറ്റു വിധത്തിലോ ഈ കാര്യാലയത്തിലേക്ക് അയയ്ക്കുവാൻ പാടില്ല. പരീക്ഷാഫീസ് പണമായി അതാത് പരീക്ഷാസെന്ററുകളിലെ ചീഫ് സൂപ്രണ്ടുമാരെ മാത്രം ഏൽപ്പിക്കേണ്ടതാണ് (ചീഫ് സൂപ്രണ്ടുമാർ പരീക്ഷാ ഫീസ് പണമായി മാത്രം സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്). സാങ്കേതികവിവരങ്ങൾക്ക് ഫോൺ നമ്പർ : 0471-2546832, 0471-2546833

**E-Mail – equivalencyhelpdesk@gmail.com**

**<u>പ്രൈവറ്റ് രജിസ്ട്രേഷൻ</u>**

പ്രൈവറ്റായി രജിസ്റ്റർ ചെയ്യുമ്പോൾ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതില്ല. അവർ പരാജയപ്പെട്ട വിഷയങ്ങൾക്കുമാത്രം രജിസ്റ്റർ ചെയ്താൽ മതി. ഇതിനുള്ള അപേക്ഷ (അനുബന്ധം 1) പരീക്ഷാഭവന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷ മുൻവർഷങ്ങളിലെ അസ്സൽ സർട്ടിഫിക്കറ്റും നിശ്ചിതഫീസും സഹിതം പരീക്ഷാസെന്റർ ചീഫ് സൂപ്രണ്ടിന് നൽകേണ്ടതാണ്.

**<u>പരീക്ഷാ ഫീസിൽ നിന്നും ഒഴിവാക്കൽ</u>**

എ) ആദ്യമായി പരീക്ഷ എഴുതുന്ന പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ പരീക്ഷാഫീസ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ വിഭാഗത്തിൽപ്പെടുന്ന പരീക്ഷാർത്ഥികൾ റവന്യൂ അധികാരികളിൽ നിന്നും ലഭിച്ച ജാതി സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കൂടി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട താണ്.

പരീക്ഷാ കേന്ദ്രങ്ങളിൽ ശേഖരിക്കുന്ന പരീക്ഷാഫീസ് മുഴുവൻ തുകയും ചീഫ് സൂപ്രണ്ടുമാർ 14/10/2025 ന് മുൻപായി പരീക്ഷാഭവൻ സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ. പൂജപ്പുര ശാഖയിൽ ആരംഭിച്ചിട്ടുള്ള **<u>67374991995</u>** എന്ന അക്കൗണ്ട്

നമ്പറിൽ നിക്ഷേപിക്കേണ്ടതാണ്. പരീക്ഷ നടത്തിപ്പിന് ആവശ്യമായ തുക, പരീക്ഷാർത്ഥികളുടെ എണ്ണം രേഖപ്പെടുത്തിയ ഫോറം അടങ്ങിയ സ്റ്റേറ്റ്മെന്റ് എന്നിവ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിലേക്ക് 15/10/2025-ന് മുമ്പായി നൽകേണ്ടതാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ തങ്ങളുടെ അധികാര പരിധിയിലെ പരീക്ഷാ കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കുന്ന പരീക്ഷാർത്ഥകളുടെ എണ്ണം രേഖപ്പെടുത്തിയ ഫോറവും ഓരോ പരീക്ഷാകേന്ദ്രത്തിനും ആവശ്യമായ തുകയുടെ വിവരവും 16/10/2025 ന് മുമ്പായി pareekshabhavancgl@gmail.com എന്ന E-mail ID-യിലേക്ക് അയക്കേണ്ടതുമാണ്.

## പരീക്ഷാർത്ഥികൾ അപേക്ഷകൾ സമർപ്പിക്കേണ്ട വിധം

1) പരീക്ഷാർത്ഥികൾ ഓൺലൈൻ കൺഫർമേഷൻ നൽകിയതിനുശേഷം ലഭിക്കുന്ന അപേക്ഷാ ഫോറത്തിന്റെ പ്രിന്റൗട്ട് ബന്ധപ്പെട്ട രേഖകൾക്കൊപ്പം നിശ്ചിത ഫീസ് (പണമായി) സഹിതം അതാത് പരീക്ഷാകേന്ദ്രം ചീഫ് സൂപ്രണ്ടുമാർക്ക് സമർപ്പിക്കേണ്ടതാണ്.
2) ആദ്യമായി പരീക്ഷ എഴുതുന്നവർ സംസ്ഥാന സാക്ഷരതാമിഷൻ നടത്തിയ പത്താംതരം തുല്യതാകോഴ്സ് പൂർത്തീകരിച്ചിട്ടുണ്ടെന്നതിനുള്ള സാക്ഷ്യപത്രം കൂടി ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാരിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
3) അപേക്ഷയോടൊപ്പം ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, ജാതി (ആവശ്യമെങ്കിൽ) എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ കൂടി സമർപ്പിക്കേണ്ടതാണ്. ജനനതീയതി തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി തോറ്റ സർട്ടിഫിക്കറ്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന ജനന സർട്ടിഫിക്കറ്റ്, മുദ്രപത്രത്തിൽ (15 രൂപ) തയ്യാറിക്കിയ സ്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ എക്സ്ട്രാക്ട് എന്നിവ സ്വീകാര്യമാണ്.
4) അനുബന്ധം 3 ആയി ചേർത്തിരിക്കുന്ന തിരിച്ചറിയൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
5) അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യുന്ന ഫോട്ടോയും പരീക്ഷാർത്ഥിയെ തിരിച്ചറിയുന്നതിനുള്ള സർട്ടിഫിക്കറ്റിൽ (അനുബന്ധം-3) നൽകുന്ന ഫോട്ടോയും ഒരേ കോപ്പികൾ തന്നെയായിരിക്കണം. മാത്രമല്ല മൂന്നുമാസത്തിനുള്ളിൽ എടുത്തതുമായിരിക്കണം.
6) പ്രൈവറ്റായി പരീക്ഷ എഴുതുന്നവർ മുൻ അവസരങ്ങളിൽ ലഭിച്ചിട്ടുള്ള എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

## സവിശേഷ സഹായം ആവശ്യമുള്ളവരുടെ പരീക്ഷാനുകൂല്യങ്ങൾ

1. പ്രത്യേക ആനുകൂല്യത്തിനുള്ള ഉത്തരവ് സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ വഴി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ IED വിഭാഗത്തിൽ നിന്നും 07/10/2025-ന് മുമ്പായി വാങ്ങേണ്ടതും ഒരു കോപ്പി പരീക്ഷാസെന്ററിൽ സമർപ്പിക്കേണ്ടതുമാണ്. പരീക്ഷാർത്ഥി നേരിട്ട് IED വിഭാഗത്തിൽ സമർപ്പിക്കുന്ന അപേക്ഷ സ്വീകരിക്കുന്നതല്ല.
2. IED വിഭാഗം വിദ്യാർത്ഥികൾക്ക് വ്യാഖ്യാതാവിന്റെ സേവനം ആവശ്യമെങ്കിൽ അനുവദിക്കുന്നതാണ്.

3. സ്ക്രൈബായി നിയോഗിക്കപ്പെടുന്ന ആളുടെ പരീക്ഷാ യോഗ്യത പരീക്ഷാർത്ഥിയേക്കാൾ കൂടുവാൻ പാടുള്ളതല്ല. സ്ക്രൈബായി നിയമിക്കപ്പെടുന്ന വ്യക്തിക്ക് പേപ്പറിന് 100/- രൂപ പ്രകാരം റെമ്യൂണറേഷൻ നൽകുന്നതാണ്.
4. സ്ക്രൈബായി നിയമിക്കപ്പെടുന്ന വ്യക്തിയുടെ നിയമന ഉത്തരവ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നൽകേണ്ടതാണ്. ഇതിനുവേണ്ട നടപടി പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ട് സ്വീകരിക്കേണ്ടതാണ്.
5. ബധിര പരീക്ഷാർത്ഥികൾക്ക് ഹിന്ദി വിഷയം ഒഴിവാക്കാവുന്നതാണ്. ഹിന്ദിക്കു പകരമായി കമ്പ്യൂട്ടർ വിദ്യാഭ്യാസം, ഹോർട്ടി കൾച്ചർ, കേറ്ററിംഗ്, ഡ്രോയിംഗ് & പെയിന്റിംഗ് എന്നീ വിഷയങ്ങളിൽ താൽപ്പര്യമുള്ളവ തെരഞ്ഞെടുക്കേണ്ടതാണ്.
6. ഹിന്ദി ഒഴിവാക്കുന്ന കുട്ടികളുടെ നിരന്തര മൂല്യനിർണ്ണയം (CE) നടത്തേണ്ടത് അവർ പകരം തെരഞ്ഞെടുക്കുന്ന വിഷയങ്ങളിൽ തന്നെ ആയിരിക്കണം.
7. ഹിന്ദിക്കു പകരം തെരഞ്ഞെടുത്ത വിഷയങ്ങളിലെ പരീക്ഷ, പൊതു പരീക്ഷയ്ക്കു ശേഷം പരീക്ഷാഭവൻ നേരിട്ട് നടത്തുന്നതാണ്.

ഹിന്ദി വിഷയം ഒഴിവാക്കിയ ബധിര പഠിതാക്കളിൽ നിന്ന് അനുബന്ധം-4 ആയി ചേർത്തിരിക്കുന്ന നിശ്ചിത ഫോർമാറ്റിലുള്ള അപേക്ഷ ചീഫ് സൂപ്രണ്ടുമാർ സ്വീകരിച്ച് പരീക്ഷാഭവനിലേയ്ക്ക് അയയ്ക്കേണ്ടതാണ്. കൂടാതെ pareekshabhavancgl@gmail.com-എന്ന മെയിൽ ഐ.ഡി യിൽ മെയിൽ ചെയ്യേണ്ടതുമാണ്.

## പരീക്ഷാർത്ഥികളുടെ വിവരങ്ങൾ ശേഖരിക്കുന്ന വിധം

പരീക്ഷാർത്ഥികളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന കാൻഡിഡേറ്റ് ലിസ്റ്റിന്റെ കൈയ്യെഴുത്തു പ്രതി സ്കൂളുകളിൽ നിന്നും തയ്യാറാക്കേണ്ടതില്ല. പരീക്ഷാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷയിലെ വിവരങ്ങൾ അനുബന്ധ രേഖകളുടെ സഹായത്തോടെ സ്കൂൾ ലോഗിനിലൂടെ വെരിഫൈ ചെയ്യണം. ഈ അവസരത്തിൽ ആവശ്യമായ തിരുത്തലുകൾ വരുത്താവുന്നതാണ്. അപേക്ഷയുടെ വെരിഫിക്കേഷൻ പൂർത്തീകരിച്ച് കൺഫർമേഷൻ ചെയ്ത് കഴിഞ്ഞാൽ അപേക്ഷയുടെ അന്തിമ പ്രിന്റൗട്ട് ലഭിക്കുന്നതാണ്. പരീക്ഷാർത്ഥികളുടെ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് അവരുടെ വിവരങ്ങൾ രേഖപ്പെടുത്തിയ വെബ്സൈറ്റിൽ നിന്നും പ്രിന്റ് എടുക്കാവുന്നതാണ്. സി.ഇ മാർക്ക് എൻട്രി ചെയ്യുവാൻ സ്കൂൾ ലോഗിൻ വഴി സൗകര്യം ലഭ്യമാക്കുന്നതാണ്. ഇതു സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ പിന്നീട് നൽകുന്നതാണ്. പ്രൈവറ്റ് വിഭാഗം പരീക്ഷാർത്ഥികളുടെ വിവരങ്ങൾ ഓൺലൈൻ വഴി നൽകുമ്പോൾ ഓരോ പരീക്ഷാർത്ഥിയും മുൻ വർഷങ്ങളിൽ പരീക്ഷ എഴുതിയ രജിസ്റ്റർ നമ്പറും വർഷവും ജയിച്ച ഗ്രേഡും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. മുഴുവൻ അവസരങ്ങളുടേയും വിവരങ്ങൾ നൽകാത്തവർക്ക് പരീക്ഷ എഴുതാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

തുല്യതാപരീക്ഷയ്ക്ക് അപേക്ഷിക്കുന്നവരുടെ പേര് വിവരങ്ങളടങ്ങിയ രേഖകളും സ്കൂൾ അധികൃതർ വേരിഫൈ ചെയ്ത് കൺഫർമേഷൻ പൂർത്തീകരിച്ചതിലൂടെ ലഭിക്കുന്ന അന്തിമ പ്രിന്റൗട്ടും ഇവർ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന അനുബന്ധരേഖകളും ഒരുമിച്ച് ബൈൻഡ് ചെയ്ത് രജിസ്റ്ററാക്കി പരീക്ഷാ സെന്ററിൽ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. പിന്നീട് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനും മറ്റും അപേക്ഷ സമർപ്പിക്കുവാൻ അപേക്ഷാർത്ഥിയുടെ

ബയോഡേറ്റ പരിശോധിക്കുന്നതിനുള്ള അടിസ്ഥാന രേഖയായി ഇവ ഉപയോഗിക്കേണ്ടതാണ്.

**പരീക്ഷാ കേന്ദ്രങ്ങൾ**

1) പരീക്ഷാ കേന്ദ്രങ്ങളുടെ പട്ടിക ഈ വിജ്ഞാപനത്തോടൊപ്പം അനുബന്ധമായി (അനുബന്ധം-5) ചേർത്തിട്ടുണ്ട്.
2) പരീക്ഷാർത്ഥികൾ അവരവർക്ക് അനുവദിച്ചിട്ടുള്ള പരീക്ഷാ കേന്ദ്രത്തിൽതന്നെ പരീക്ഷ എഴുതേണ്ടതാണ്.
3) പ്രൈവറ്റായി പരീക്ഷ എഴുതുന്ന പരീക്ഷാർത്ഥികളെ സംബന്ധിച്ചിടത്തോളം അവർ ആദ്യമായി തുല്യതാപരീക്ഷ എഴുതിയ സ്കൂൾ മുഖാന്തിരം വേണം പിന്നീടുള്ള പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ടത്.
4) ഒരിക്കൽ അനുവദിച്ച പരീക്ഷാ കേന്ദ്രം യാതൊരു കാരണവശാലും മാറ്റുന്നതല്ല.

**അഡ്മിഷൻ ടിക്കറ്റ് വിതരണം**

റഗുലർ, പ്രൈവറ്റ് പരീക്ഷാർത്ഥികളുടെ ഫോട്ടോയോടുകൂടിയ അഡ്മിഷൻ ടിക്കറ്റുകൾ ഓൺലൈൻ വഴി ചീഫ് സൂപ്രണ്ടുമാർക്ക് ലഭിക്കുന്നതാണ് (അനുബന്ധം 6 കാണുക). പരീക്ഷാർത്ഥികളെ ശരിയായി തിരിച്ചറിഞ്ഞ് പൂർണ്ണ വിശ്വാസം വന്നതിനുശേഷം മാത്രമേ അഡ്മിഷൻ ടിക്കറ്റ് നൽകുവാൻ പാടുള്ളു.

- അഡ്മിഷൻ ടിക്കറ്റുകൾ പരീക്ഷാർത്ഥികൾക്ക് മാത്രമേ നൽകുവാൻ പാടുള്ളു.
- പരീക്ഷ ആരംഭിക്കുന്നതിന് മൂന്നു ദിവസം മുമ്പെങ്കിലും പരീക്ഷാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് നൽകേണ്ടതാണ്.
- അഡ്മിഷൻ ടിക്കറ്റുകൾ ലഭിച്ചാലുടൻ തന്നെ പരീക്ഷാർത്ഥികൾ അവയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ വിശദമായി പരിശോധിക്കേണ്ടതും അതിൽ എന്തെങ്കിലും തെറ്റുകൾ കടന്നു കൂടിയിട്ടുണ്ടെങ്കിൽ ഉടൻ തന്നെ ബന്ധപ്പെട്ട ചീഫ് സൂപ്രണ്ടിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.
- അഡ്മിഷൻ ടിക്കറ്റ് നൽകുന്നത് സംബന്ധിച്ച് ഒരു രജിസ്റ്റർ ചീഫ് സൂപ്രണ്ട് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

**ക്രമക്കേടുകൾ**

പരീക്ഷാവേളയിൽ ഏതെങ്കിലും പരീക്ഷാർത്ഥി ക്രമക്കേടുകൾ ചെയ്യുകയോ ചെയ്യാൻ ശ്രമിക്കുകയോ ചെയ്താൽ പരീക്ഷാർത്ഥിയെ പരീക്ഷ എഴുതുന്നതിൽ നിന്നും പുറത്താക്കുകയും തുടർന്നുള്ള പരീക്ഷകൾ എഴുതാൻ അനുവദിക്കുന്നതുമല്ല. അടുത്തിരിക്കുന്ന പരീക്ഷാർത്ഥിയുടെ പരീക്ഷാപേപ്പർ നോക്കി എഴുതുക, മറ്റു പരീക്ഷാർത്ഥികൾക്ക് കണ്ടെഴുതുവാൻ സൗകര്യം നൽകുക, പരീക്ഷാ സമയത്ത് അന്യോന്യം സംസാരിക്കുക, എഴുതിയതോ അച്ചടിച്ചതോ ആയ കടലാസുകളുമായി പരീക്ഷാഹാളിനകത്ത് പ്രവേശിക്കുക തുടങ്ങിയ പ്രവൃത്തികൾ ശിക്ഷാർഹമാകുന്നു. പരീക്ഷ നടന്നു കൊണ്ടിരിക്കുമ്പോൾ ഹാളിനകത്തോ, സ്കൂൾ പരിസരത്തോ ഏതെങ്കിലും പരീക്ഷാർത്ഥി പരീക്ഷാ നടത്തിപ്പിന് വിഘാതമായി പെരുമാറുകയോ അതിന് പ്രേരിപ്പിക്കുകയോ ചെയ്തതായി പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന്

ബോധ്യമായാൽ പ്രസ്തുത പരീക്ഷാർത്ഥിയെ പരീക്ഷ എഴുതുന്നതിൽ നിന്നും വിലക്കു കൽപ്പിക്കാവുന്നതാണ്. പരീക്ഷാ ക്രമക്കേടിനെ തുടർന്ന് പരീക്ഷയിൽ നിന്നും പുറത്താക്കിയ പരീക്ഷാർത്ഥിയെ തുടർന്നുള്ള വർഷങ്ങളിലെ പരീക്ഷ എഴുതുന്നതിൽ നിന്നും നിശ്ചിത വർഷത്തേയ്ക്ക് വിലക്ക് കൽപ്പിക്കുന്നതിനുള്ള തീരുമാനം ബന്ധപ്പെട്ട അധികാരിയിൽ നിക്ഷിപ്തമാണ്.

## പരീക്ഷാ സർട്ടിഫിക്കറ്റുകളുടെ വിതരണം

(എ) ഗ്രേഡ് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനായി ബന്ധപ്പെട്ട ചീഫ് സൂപ്രണ്ടുമാർക്ക് ജില്ലാ വിദ്യാഭ്യാസ ഓഫീസ് വഴി അയച്ചുകൊടുക്കുന്നതാണ്. പരീക്ഷാർത്ഥിയെ സംബന്ധിച്ച് തെറ്റായ വിവരം രേഖപ്പെടുത്തിയതോ, പരീക്ഷാ സെക്രട്ടറിയുടെ ഒപ്പും സീലും ഇല്ലാത്തതോ, പ്രിന്റ് തെളിയാത്തതോ ആയ കാർഡുകൾ വിതരണം ചെയ്യാൻ പാടുള്ളതല്ല. ഇക്കാര്യം പരീക്ഷാ സെക്രട്ടറിയെ സ്കൂൾ അധികൃതർ രേഖാമൂലം അറിയിക്കേണ്ടതും, വിതരണം ചെയ്യാൻ സാധിക്കാത്ത സർട്ടിഫിക്കറ്റുകൾ മടക്കി നൽകി ശരിയായ സർട്ടിഫിക്കറ്റ് പരീക്ഷാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ബി) സർട്ടിഫിക്കറ്റ് പരീക്ഷാർത്ഥികൾക്ക് നൽകുന്നതിന് മുൻപ് ചീഫ് സൂപ്രണ്ട് അതിലെ വിവരങ്ങൾ ഡ്യൂപ്ലിക്കേറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ഗ്രേഡ് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് കാർഡിന്റെ ഫോട്ടോകോപ്പി എടുത്ത് സൂക്ഷിക്കുകയോ ചെയ്യേണ്ടതാണ്. സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിന് മുമ്പായി സർട്ടിഫിക്കറ്റ് കൈപ്പറ്റിയതായി പ്രത്യേക രജിസ്റ്ററിൽ പരീക്ഷാർത്ഥിയുടെ കൈയൊപ്പ് വാങ്ങേണ്ടതാണ്.

(സി) കാർഡിന്റെ വിവരശേഖരണഭാഗത്ത് അടിയിലായി ഹെഡ്മാസ്റ്ററുടെ ഒപ്പ് പതിക്കേണ്ടതാണ്. സർട്ടിഫിക്കറ്റുകളിൽ ഒപ്പിടുന്നത് കറുത്ത മഷിയിലായിരിക്കണം. പച്ച മഷി ഉപയോഗിക്കുവാൻ പാടുള്ളതല്ല. അത്തരം സർട്ടിഫിക്കറ്റുകൾ ഉപയോഗശൂന്യമായി കണക്കാക്കുന്നതാണ്. പേരും, ഔദ്യോഗിക മേൽവിലാസവും രേഖപ്പെടുത്തി സ്ഥാപനത്തിന്റെ മുദ്ര കൂടി പതിച്ചുവേണം കാർഡുകൾ പരീക്ഷാർത്ഥികൾക്ക് നൽകേണ്ടത്.

## ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം

ഉത്തരക്കടലാസുകൾ പുനർമൂല്യനിർണ്ണയം നടത്തുന്നതിന് അനുബന്ധം 2 ആയി കൊടുത്തിട്ടുള്ള നിശ്ചിത ഫോറത്തിൽ പരീക്ഷാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. ഇതിനായി പ്രത്യേക അറിയിപ്പ് പിന്നീട് നൽകുന്നതാണ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ച് 10 ദിവസത്തിനകം അതിനായി അപേക്ഷിക്കേണ്ടതാണ്.

## സ്കോർ വിവരം അറിയുന്നതിന്

ഗ്രേഡിംഗ് രീതിയിൽ പരീക്ഷ എഴുതിയവർക്ക് യാതൊരു കാരണവശാലും ലഭിച്ച സ്കോർ വിവരം നൽകുന്നതല്ല. എന്നാൽ ഉപരിപഠനത്തിന് പോകുന്നവർക്ക് പ്രവേശനത്തിനായി പത്താംതരം തുല്യതാ പരീക്ഷയിൽ ലഭിച്ച സ്കോർ ആവശ്യമെങ്കിൽ വെള്ള പേപ്പറിൽ എഴുതിയ അപേക്ഷയും 100/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റും സഹിതം പരീക്ഷാ സെക്രട്ടറിയ്ക്ക് അപേക്ഷിച്ചാൽ

ചേരാനുദ്ദേശിക്കുന്ന സ്ഥാപന മേധാവിക്ക് രഹസ്യമായി സ്കോർ വിവരം അയച്ചുകൊടുക്കുന്നതാണ്. ജോലിയുടെ ആവശ്യത്തിനും ഇതുപോലെ സ്കോർ വിവരം അയച്ചു കൊടുക്കാവുന്നതാണ്. പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ഈ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

**പരീക്ഷാ കമ്മീഷണർ**

Sl. No:………………
(For office use only)

**ANNEXURE 1**

Affix a passport size photo of the candidate here

## APPLICATION FOR STANDARD X EQUIVALENCY COURSE EXAMINATION – Novemeber 2025

**(Only for Private Candidates)**
**(All columns should be filled only in Capital Letters)**

1. Educational District :
2. Name of Centre :
3. Candidate Type (Private) :
4. Medium of Candidate (Malayalam/Kannada/Tamil) :
5. Name of Candidate :
6. Name in Regional Language :
7. Sex (Male /Female) :
8. Date of birth in figures :
   In words :
9. Place of birth :
10. Name of Father :
11. Name of Guardian :
12. Name of Mother :
13. Nationality :
14. Religion :
15. Caste :
16. Category (Whether SC/ST/OEC/OBC/GL) :
17. Home Address with Phone No. :
18. Personal marks of identification : (1)
    (2)
19. Details regarding fee remitted :
    (a) Name of Examination centre in which the Fee remitted :
    (b) Amount and date

20. **Subject applied for (private candidates new scheme)**

| Sl. No | Name of Subject |
|---|---|
| 1 | |
| 2 | |
| 3 | |
| 4 | |
| 5 | |
| 6 | |
| 7 | |
| 8 | |
| 9 | |

21. **Details of all previous chances appeared(Private candidate only)**

| Sl. No | Reg. No. | Month and Year | Subject passed with Grade |
|---|---|---|---|
| 1 | | | |
| 2 | | | |
| 3 | | | |
| 4 | | | |
| 5 | | | |
| 6 | | | |
| 7 | | | |
| 8 | | | |

**Declaration**

I hereby declare that the details furnished above are true to my knowledge.

Place: **Signature of the Candidate**

Date :

## അനുബന്ധം 2
## പത്താംതരം തുല്യതാപരീക്ഷ - നവംബർ 2025
## ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം നടത്തുന്നതിനുള്ള അപേക്ഷ

| | | |
|---|---|---|
| നവംബർ 2025-ലെ തുല്യതാപരീക്ഷയ്ക്ക് ലഭിച്ച രജിസ്റ്റർ നമ്പർ | : | |
| പരീക്ഷാർത്ഥിയുടെ പേര് | : | |
| പരീക്ഷാർത്ഥിയുടെ പൂർണ്ണ മേൽവിലാസം, ഫോൺ നമ്പർ, പോസ്റ്റാഫീസിന്റെ പേരും പിൻകോഡും ഉൾപ്പെടെ | : | |
| പരീക്ഷ എഴുതിയ കേന്ദ്രത്തിന്റെ പേരും നമ്പരും | : | |
| ജില്ലയുടെ പേര് | : | |

**മൂല്യനിർണ്ണയത്തിന് അപേക്ഷിക്കുന്ന പേപ്പറുകളുടെ വിവരങ്ങൾ**

| ക്രമ നം. | വിഷയത്തിന്റെ പേര് | നവംബർ 2025 പത്താംതരം തുല്യതാപരീക്ഷയ്ക്ക് ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |

**പരീക്ഷാർത്ഥിയുടെ ഒപ്പ്**

മേൽ പ്രസ്താവിച്ച വസ്തുതകൾ ബന്ധപ്പെട്ട രേഖകളുമായി പരിശോധിച്ച് ശരിയാണെന്ന് പ്രസ്താവിച്ചിരിക്കുന്നു.

സ്ഥലം

തീയതി

ചീഫ് സൂപ്രണ്ടിന്റെ ഒപ്പ്

ഓഫീസ് മുദ്ര

N.B. - ഫീസ് പണമായി അപേക്ഷയോടൊപ്പം പരീക്ഷ എഴുതിയ സെന്ററിലെ ഹെഡ്മാസ്റ്ററിന് സമർപ്പിക്കേണ്ടതാണ്.

**അനുബന്ധം 3**
**പത്താംതരം തുല്യതാപരീക്ഷ – നവംബർ 2025**
**പരീക്ഷാർത്ഥിയെ തിരിച്ചറിയുന്നതിനുള്ള സർട്ടിഫിക്കറ്റ്**

**(ഗസറ്റഡ് ഉദ്യോഗസ്ഥൻ ഈ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തേണ്ടതാണ്)**

Photo

പരീക്ഷാർത്ഥിയെ തിരിച്ചറിയുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ് ഫോട്ടോയുടെ പുറത്ത് ഇടേണ്ടതാണ് (റബ്ബർ സ്റ്റാമ്പ് ഫോട്ടോയിൽ പതിക്കുവാൻ പാടില്ല).

| | | |
|---|---|---|
| പരീക്ഷാർത്ഥിയുടെ പേര് | : | |
| ജനന തീയതി | : | |
| പൂർണ്ണമായ മേൽ വിലാസം | : | |
| സാക്ഷ്യപ്പെടുത്തുന്ന ആഫീസറുടെ പേരും ഉദ്യോഗപ്പേരും വിലാസവും | : | |
| പരീക്ഷാർത്ഥിയുടെ ഒപ്പ് | : | |

(തിരിച്ചറിയൽ സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥന്റെ മുമ്പിൽ വച്ച് ഒപ്പ് ഇടേണ്ടതാണ്) 2025 നവംബർ പത്താംതരം തുല്യതാ പരീക്ഷാർത്ഥിയായ ശ്രീ/ശ്രീമതി ........................................................ യുടെ ഒപ്പും ഫോട്ടോയും ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം

തീയതി

സാക്ഷ്യപ്പെടുത്തുന്ന ഓഫീസറുടെ ഒപ്പ്

ഓഫീസ് മുദ്ര

## അനുബന്ധം - 4

**പത്താംതരം തുല്യതാപരീക്ഷ - നവംബർ 2025**
**ഹിന്ദിക്ക് പകരം വൊക്കേഷണൽ വിഷയങ്ങൾ തെരഞ്ഞെടുക്കുന്നതിന്**
**ബധിര പഠിതാക്കൾക്കുള്ള അപേക്ഷ**
**(27/08/2011 ലെ സ.ഉ.(സാധാ) നമ്പർ 3493/11/പൊ.വി.വ. പ്രകാരം)**

1. പരീക്ഷാകേന്ദ്രത്തിന്റെ പേര് :
2. പരീക്ഷാർത്ഥിയുടെ പേര് :
3. പൂർണ്ണമായ മേൽവിലാസം :
4. വിദ്യാഭ്യാസ ജില്ല :
5. രജിസ്റ്റർ നമ്പർ :
6. ഹിന്ദി വിഷയം ഒഴിവാക്കുന്നതിന് പകരമായി തെരഞ്ഞെടുത്ത വിഷയം :
7. ആനുകൂല്യം ലഭിക്കുന്നതിനായി സമർപ്പിച്ച സർട്ടിഫിക്കറ്റിലെ ഡോക്ടറുടെ പേരും ഔദ്യോഗിക പേരും ഔദ്യോഗിക മേൽവിലാസവും :

### സത്യപ്രസ്താവന

മേൽപറഞ്ഞ വസ്തുതകൾക്ക് വിധേയമായി നവംബർ 2025 – ലെ പത്താംതരം തുല്യതാ പരീക്ഷയിൽ ഹിന്ദിക്ക് പകരം വൊക്കേഷണൽ വിഷയം തെരഞ്ഞെടുക്കുന്നതിനുള്ള ആനുകൂല്യം ആവശ്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

പരീക്ഷാർത്ഥിയുടെ ഒപ്പ്

### ചീഫ് സൂപ്രണ്ടിന്റെ ശുപാർശ

നവംബർ 2025 ലെ പത്താംതരം തുല്യതാ പരീക്ഷയിൽ ഹിന്ദിക്കു പകരം വൊക്കേഷണൽ വിഷയമായ ------------------------ തെരഞ്ഞെടുക്കുന്നതിനുള്ള ആനുവാദത്തിനായി ശുപാർശ ചെയ്യുന്നു.

സ്ഥലം

ചീഫ് സൂപ്രണ്ടിന്റെ ഒപ്പ്

തീയതി

ഓഫീസ് മുദ്ര

---

കുറിപ്പ് - പരീക്ഷാ കേന്ദ്രത്തിൽ ഹിന്ദി വിഷയം ഒഴിവാക്കി ബധിര പഠിതാക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതാത് ചീഫ് സൂപ്രണ്ടുമാർ പരീക്ഷാ കേന്ദ്രത്തിൽ നിന്ന് അപേക്ഷ സൂപ്രണ്ട്, സി.ജനറൽ സെക്ഷൻ, പരീക്ഷാഭവൻ എന്ന വിലാസത്തിൽ ലഭിക്കത്തക്കവിധം **15/10/2025** ന് മുമ്പ് അയയ്ക്കേണ്ടതും Pareekshabhavancgl@gmail.com എന്ന വിലാസത്തിൽ ഇ-മെയിൽ ചെയ്യേണ്ടതുമാണ്

അനുബന്ധം – 5

**പത്താം തരം തുല്യതാ പരീക്ഷ 2025 നവംബർ**
**പരീക്ഷാ കേന്ദ്രങ്ങളുടെ പേര് വിവരങ്ങൾ**

| Equivalency 2025 Centre List | | | | |
|---|---|---|---|---|
| Sl. No. | DEO | DEO NAME | CENTRE CODE | CENTRE NAME |
| 1 | 11 | Kasaragod | 11002 | G. H S S Kasaragod |
| 2 | 11 | Kasaragod | 11005 | B.E.M.H.S Kasaragod |
| 3 | 11 | Kasaragod | 11018 | G.H.S.S. Paivalike Nagar |
| 4 | 11 | Kasaragod | 11026 | BAR HSS Bovikas |
| 5 | 11 | Kasaragod | 11043 | G.V.H.S.S. Mulleria |
| 6 | 11 | Kasaragod | 11075 | GHS Kuttikol |
| 7 | 12 | Kanhangad | 12004 | G.H.S.S Hosdurg |
| 8 | 12 | Kanhangad | 12034 | VPPMKPS Govt H S S Trikkaripur |
| 9 | 12 | Kanhangad | 12050 | G.H.S.S. Parappa |
| 10 | 13 | Kannur | 13005 | Govt V. H. S. S. Kannur |
| 11 | 13 | Kannur | 13040 | K P R G S Govt. H S S Kalliasseri |
| 12 | 14 | Thalassery | 14005 | B E M P High School , Thalassery |
| 13 | 14 | Thalassery | 14019 | GHSS Kuthuparamba |
| 14 | 14 | Thalassery | 14027 | PRM H.S.S. Panoor |
| 15 | 14 | Thalassery | 14033 | St.Joseph's H.S Peravoor |
| 16 | 14 | Thalassery | 14052 | GHSS Chavassery |
| 17 | 15 | Wayanad | 15006 | G V.H.S.S Mananthavady |
| 18 | 15 | Wayanad | 15022 | S K M J H S S Kalpetta |
| 19 | 15 | Wayanad | 15053 | GSV H S S, Sulthan Bathery |
| 20 | 15 | Wayanad | 15061 | Govt. H.S Panamaram |
| 21 | 16 | Vadakara | 16004 | Govt. Sanskrit H S S Meppayil |
| 22 | 16 | Vadakara | 16010 | Memunda H.S.S |
| 23 | 16 | Vadakara | 16040 | GHSS Kallachi |

| | | | | |
|---|---|---|---|---|
| 24 | 16 | Vadakara | 16046 | G.V H S S for Boys Koyilandy |
| 25 | 16 | Vadakara | 16055 | G.V.H.S.S. Payyoli |
| 26 | 16 | Vadakara | 16061 | National HSS Vattoli |
| 27 | 16 | Vadakara | 16068 | GHSS Kuttyadi |
| 28 | 16 | Vadakara | 16069 | Vadakumpad HSS |
| 29 | 17 | Kozhikkode | 17003 | G V H S S Meenchanda |
| 30 | 17 | Kozhikkode | 17010 | G V H S S FOR GIRLS NADAKKAVU |
| 31 | 17 | Kozhikkode | 17007 | Govt V H S S Kinassery |
| 32 | 17 | Kozhikkode | 17076 | Farook Higher Secondary School |
| 33 | 18 | Malappuram | 18005 | GVHSS Omanoor |
| 34 | 18 | Malappuram | 18008 | GV H S S Kondotty |
| 35 | 18 | Malappuram | 18010 | G V H S S Pullanur |
| 36 | 18 | Malappuram | 18013 | G.B.H.S. Malappuram |
| 37 | 18 | Malappuram | 18025 | H M Y.H S S Manjeri |
| 38 | 18 | Malappuram | 18058 | G.H.S.S. Perintalmanna |
| 39 | 18 | Malappuram | 18064 | Tharakan H.S. Angadippuram |
| 40 | 18 | Malappuram | 18065 | G.H.S.S. Mankada |
| 41 | 18 | Malappuram | 18069 | S H M G V H S S Edavanna |
| 42 | 18 | Malappuram | 18096 | P T M H S S Thazhekode |
| 43 | 18 | Malappuram | 18125 | A K M H S S Kottoor |
| 44 | 19 | Tirur | 19018 | G.H.S.S. Ezhoor |
| 45 | 19 | Tirur | 19035 | Valanchery H S S |
| 46 | 19 | Tirur | 19050 | G.H.S.S. Edapal |
| 47 | 19 | Tirur | 19054 | G.H.S.S. Maranchery |
| 48 | 20 | Ottappalam | 20002 | G.V.H.S.S. Vattenad |
| 49 | 20 | Ottappalam | 20016 | G.H.S.S. Pattambi |
| 50 | 20 | Ottappalam | 20022 | K V R H S Shoranur |
| 51 | 20 | Ottappalam | 20035 | G.H.S.S., Ottappalam East |
| 52 | 21 | Palakkad | 21011 | G H S Erumayur |

| | | | | |
|---|---|---|---|---|
| 53 | 21 | Palakkad | 21012 | G.G. H S S Alathur |
| 54 | 21 | Palakkad | 21016 | G.H.S.S. Kottayi |
| 55 | 21 | Palakkad | 21019 | G.H.S.S. Koduvayur |
| 56 | 21 | Palakkad | 21039 | G.H.S.S. Chittur |
| 57 | 21 | Palakkad | 21135 | G H S Ummini |
| 58 | 21 | Palakkad | 21068 | G.H.S. Malampuzha |
| 59 | 21 | Palakkad | 21077 | H.S. Mundur |
| 60 | 22 | Thrissur | 22027 | G.H.S.S. Thanniam |
| 61 | 22 | Thrissur | 22074 | GVHSS Puthur |
| 62 | 22 | Thrissur | 22055 | Govt. Model Girls H.S.S. Thrissur |
| 63 | 22 | Thrissur | 22057 | G H S S Pattikkad |
| 64 | 23 | Irinjalakkuda | 23010 | G.G.H.S. Chalakudy |
| 65 | 23 | Irinjalakkuda | 23013 | KUNJIKUTTY THAMPURATTI MEMORIAL G.G. H.S.S. Kodungallur |
| 66 | 23 | Irinjalakkuda | 23021 | GMB H S S Irinjalakuda |
| 67 | 23 | Irinjalakkuda | 23050 | GMHSS Nadavaramba |
| 68 | 23 | Irinjalakkuda | 23059 | G V H S S Pudukad |
| 69 | 24 | Chavakkad | 24001 | Govt. S M T H S S Chelakkara |
| 70 | 24 | Chavakkad | 24011 | Govt. V H S S for Boys Kunnamkulam |
| 71 | 24 | Chavakkad | 24033 | Govt. Boys H S Wadakkanchery |
| 72 | 24 | Chavakkad | 24044 | Govt. H S S Chavakkad |
| 73 | 24 | Chavakkad | 24063 | R M V H S S Perinjanam |
| 74 | 24 | Chavakkad | 24066 | Govt. H S S Manathala |
| 75 | 25 | Aluva | 25005 | G H S Mudikkal |
| 76 | 25 | Aluva | 25007 | Govt. H S S for Girls Aluva |
| 77 | 25 | Aluva | 25014 | Govt. H S Eloor |
| 78 | 25 | Aluva | 25061 | G H S S Chengamanad |
| 79 | 25 | Aluva | 25069 | Govt. Girls H S S North Paravur |
| 80 | 25 | Aluva | 25098 | M G M Govt. H S S Nayathode |

| | | | | |
|---|---|---|---|---|
| 81 | 25 | Aluva | 25104 | Govt. HSS Kongorppilly |
| 82 | 26 | Ernakulam | 26023 | Bhagavathy Vilasam H S Nayarambalam |
| 83 | 26 | Ernakulam | 26029 | S R V GOVT. MODEL H S S ERNAKULAM |
| 84 | 26 | Ernakulam | 26045 | Govt. H S S Mulanthuruthy |
| 85 | 26 | Ernakulam | 26099 | Govt. H S Kavarathy |
| 86 | 27 | Kothamangalam | 27007 | Govt. H S S for Girls Perumbavoor |
| 87 | 27 | Kothamangalam | 27022 | Govt. V H S S Mathirappilly |
| 88 | 28 | Muvattupuzha | 28003 | S N D P H SS Muvattupuzha |
| 89 | 29 | Thodupuzha | 29015 | Govt. V H S S Vazhathope |
| 90 | 29 | Thodupuzha | 29023 | Govt. V H S S Thodupuzha |
| 91 | 29 | Thodupuzha | 29025 | Dr. A P J Abdul Kalam G H S S Thodupuzha |
| 92 | 29 | Thodupuzha | 29041 | Govt. HSS Adimali |
| 93 | 30 | Kattappana | 30009 | G.H.S.S. Marayoor |
| 94 | 30 | Kattappana | 30030 | Panchayath HSS Vandiperiyar |
| 95 | 30 | Kattappana | 30066 | GT H S Kattappana |
| 96 | 31 | Palai | 31086 | Mahathma Gandhi H S S Palai |
| 97 | 32 | Kanjirappalli | 32006 | D B H S Kangazha |
| 98 | 32 | Kanjirappalli | 32049 | Gracey Memorial H S Parathode |
| 99 | 33 | Kottayam | 33015 | Govt. Model H S S Changanacherry |
| 100 | 33 | Kottayam | 33027 | Govt. Model H S S kottayam |
| 101 | 34 | Cherthala | 34006 | Govt. H S S Kalavoor |
| 102 | 34 | Cherthala | 34023 | S N M Govt. Boys H S S, Cherthala |
| 103 | 34 | Cherthala | 34024 | Govt. Girls HSS Cherthala |
| 104 | 35 | Alappuzha | 35007 | Govt. Mohn Boys H S S Alappuzha |
| 105 | 35 | Alappuzha | 35019 | K.K.K.P.M.G.H.S. Ambalapuzha |
| 106 | 35 | Alappuzha | 35027 | Govt. B.H.S.S. Haripad |
| 107 | 36 | Mavelikkara | 36007 | St. Anne's GHSS Chengannur |
| 108 | 36 | Mavelikkara | 36035 | V V H S S Thamarakulam |
| 109 | 36 | Mavelikkara | 36045 | G V H S Kayamkulam |

| | | | | |
|---|---|---|---|---|
| 110 | 37 | Thiruvalla | 37028 | C M S H S S Mallappally |
| 111 | 37 | Thiruvalla | 37046 | Govt. Model Girls H.S. Thiruvalla |
| 112 | 38 | Pathanamthitta | 38038 | Govt. H S S Konni |
| 113 | 38 | Pathanamthitta | 38040 | Govt. H S Kozhencherry |
| 114 | 38 | Pathanamthitta | 38068 | M S H S S Ranny |
| 115 | 38 | Pathanamthitta | 38096 | Panchayath H S S Kulanada |
| 116 | 39 | Kottarakkara | 39004 | Govt. H S S Sasthamcotta |
| 117 | 39 | Kottarakkara | 39008 | G.H.S.S. Thevannoor |
| 118 | 39 | Kottarakkara | 39014 | Govt. H.S.S. Sadanandapuram |
| 119 | 39 | Kottarakkara | 39019 | S.K. V. V.H.S.S. Thrikkannamangal |
| 120 | 40 | Punalur | 40001 | Govt. H S S Anchal West |
| 121 | 40 | Punalur | 40009 | MTHS Pathanapuram |
| 122 | 40 | Punalur | 40015 | Govt. H S S Punalur |
| 123 | 40 | Punalur | 40038 | A P P M V H S S Avaneeswaram |
| 124 | 40 | Punalur | 40042 | Govt. H S S Kulathupuzha |
| 125 | 41 | Kollam | 41006 | G H S S Chathannoor |
| 126 | 41 | Kollam | 41036 | GOVT HSS , THAZHAVA |
| 127 | 41 | Kollam | 41041 | Kundara M G D H S for Boys |
| 128 | 41 | Kollam | 41056 | Govt. Model Vocational H S S For Boys Kollam |
| 129 | 41 | Kollam | 41069 | Govt. Model H S for Girls Kollam |
| 130 | 42 | Attingal | 42008 | Govt. H S S for Girls Attingal |
| 131 | 42 | Attingal | 42025 | Govt. H S S Kilimanoor |
| 132 | 42 | Attingal | 42042 | Govt. Girls HSS Nedumangad |
| 133 | 42 | Attingal | 42051 | Govt. H S S Venjaramood |
| 134 | 42 | Attingal | 42058 | G.M. H S S Varkala |
| 135 | 42 | Attingal | 42059 | Govt. V & H S S Vithura |
| 136 | 42 | Attingal | 42071 | Govt. V H S S Kallara |
| 137 | 43 | Thiruvananthapuram | 43008 | Govt. H S.S Kazhakkuttam |
| 138 | 43 | Thiruvananthapuram | 43033 | Govt. HSS, Medical College |

| | | | | |
|---|---|---|---|---|
| 139 | 43 | Thiruvananthapuram | 43069 | Govt. H S Vazhamuttam |
| 140 | 43 | Thriuvananthapuram | 43080 | Govt. Boys HSS, Chalai |
| 141 | 43 | Thiruvananthapuram | 43083 | S M V Govt. Model H S S |
| 142 | 43 | Thiruvananthapuram | 43085 | Govt. Girls HSS Cottonhill |
| 143 | 44 | Neyyattinkara | 44012 | Govt. H S , Kanjiramkulam |
| 144 | 44 | Neyyattinkara | 44020 | Govt. V H S S Poovachal |
| 145 | 44 | Neyyattinkara | 44024 | Govt. H S S for Girls Malayinkil |
| 146 | 44 | Neyyattinkara | 44029 | Govt. H S S Marayamuttom |
| 147 | 44 | Neyyattinkara | 44035 | Govt. B H S S , Neyyattinkara |
| 148 | 44 | Neyyattinkara | 44041 | Govt. V H S S Parassala |
| 149 | 45 | Kaduthuruthi | 45009 | Govt. Girls H S S Vaikom |
| 150 | 45 | Kaduthuruthi | 45021 | Govt. V H S S Kaduthuruthy |
| 151 | 45 | Kaduthuruthi | 45032 | Govt. V H S S Kanakkary |
| 152 | 45 | Kaduthuruthi | 45050 | St. Mary's GHS Kuravilangad |
| 153 | 46 | Kuttanad | 46071 | Govt. V H S S Thalavady |
| 154 | 47 | Thamarassery | 47022 | Nanminda HSS Nanminda |
| 155 | 47 | Thamarassery | 47050 | Govt. H.S.S Kokkalloor |
| 156 | 47 | Thamarassery | 47064 | Govt. H S S Koduvally |
| 157 | 47 | Thamarassery | 47072 | Govt. V H S S Thamarassery |
| 158 | 47 | Thamarassery | 47080 | R E C GV H S S Chathamangalam |
| 159 | 47 | Thamarassery | 47110 | Nochat HSS Nochat |
| 160 | 48 | Wandoor | 48001 | GHSS Areacode |
| 161 | 48 | Wandoor | 48036 | Govt. H S S Eranhimangad |
| 162 | 48 | Wandoor | 48047 | V M C G H S S Wandoor |
| 163 | 48 | Wandoor | 48063 | G H S S Pattikkad |
| 164 | 48 | Wandoor | 48099 | Narokkavu H S |
| 165 | 48 | Wandoor | 48100 | Govt. H S S Edakkara |
| 166 | 49 | Thaliparamba | 49005 | Moothedath H S Taliparamba |
| 167 | 49 | Thaliparamba | 49013 | GBVHSS Madayi |

| | | | | |
|---|---|---|---|---|
| 168 | 49 | Thaliparamba | 49034 | Sreekandapuram Govt. H S |
| 169 | 49 | Thaliparamba | 49060 | M V M Kunhivishnu Nambeesan Smaraka Govt HSS, Mathil |
| 170 | 50 | Thirurangadi | 50002 | Govt. Model H S S Calicut University Campus |
| 171 | 50 | Thirurangadi | 50006 | S N M H S S Parappanangadi |
| 172 | 50 | Thirurangadi | 50013 | Govt. V H S S Vengara |
| 173 | 50 | Thirurangadi | 50018 | Devadhar Govt H S S Tanur |
| 174 | 50 | Thirurangadi | 50029 | Govt. H S Peruvallur |
| 175 | 50 | Thirurangadi | 50062 | GHS Trikkulam |
| 176 | 51 | Mannarkad | 51005 | H.S.S. Sree Krishnapuram |
| 177 | 51 | Mannarkad | 51009 | GHSS Cherpalchery |
| 178 | 51 | Mannarkad | 51015 | G H S Pottassery |
| 179 | 51 | Mannarkad | 51019 | D.H.S. Nellipuzha |
| 180 | 51 | Mannarkad | 51023 | G.H.S. Agali |

**<u>പരീക്ഷാ കേന്ദ്രങ്ങൾ (ലക്ഷദ്വീപ്)</u>**

| റവന്യൂ ജില്ല | പരീക്ഷാ കേന്ദ്രങ്ങൾ | പരീക്ഷാ കേന്ദ്രത്തിന്റെ നമ്പർ | വിദ്യാഭ്യാസ ജില്ലയുടെ പേര് |
|---|---|---|---|
| ലക്ഷദ്വീപ് | ഗവ. എച്ച്.എസ്. കവരത്തി | 26099 | എറണാകുളം |

ഏതെങ്കിലും സെന്ററിൽ കുറഞ്ഞത് 50 അപേക്ഷകരെങ്കിലും ഇല്ലെങ്കിൽ പ്രസ്തുത സെന്റർ കാൻസൽ ചെയ്ത് അപേക്ഷകരെ തൊട്ടടുത്തുള്ള സെന്ററിലേയ്ക്ക് ചേർക്കുന്നതാണ്.

• • • • • • • • • • • • • • • • • • • • • • • • • • • • • • • • • • • • • •

## അനുബന്ധം - 6

## ഓൺലൈൻ അപേക്ഷാ സമർപ്പണം, വെരിഫിക്കേഷൻ പ്രവർത്തനങ്ങളുടെ സമയക്രമം

| പ്രവർത്തനം | | തീയതി |
|---|---|---|
| 1. | ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുന്ന തീയതി | 26/09/2025 |
| 2. | ഓൺലൈൻ അപേക്ഷാ സമർപ്പണം അവസാനിക്കുന്ന തീയതി | 07/10/2025 (4 pm) |
| 3. | ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും ഫീസും പരീക്ഷാ കേന്ദ്രത്തിൽ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി | 07/10/2025 (5 pm) |
| 4. | ഓൺലൈൻ അപേക്ഷയുടെ വെരിഫിക്കേഷൻ പരീക്ഷാകേന്ദ്രത്തിൽ നിന്നും പൂർത്തീകരിക്കേണ്ട തീയതി | 15/10/2025 |
| 5. | പരീക്ഷാകേന്ദ്രത്തിൽ നിന്നും വെരിഫൈ ചെയ്ത അപേക്ഷയുടെ അന്തിമ പ്രന്റൗട്ട് ലഭിക്കുന്ന തീയതി | 21/10/2025 |
| 6. | പ്രൊവിഷണൽ A – List, B – List പരീക്ഷാകേന്ദ്രത്തിൽ ലഭ്യമാക്കുന്ന തീയതി | 23/10/2025 |
| 7. | പ്രൊവിഷണൽ A – List പരിശോധന, പരീക്ഷാ കേന്ദ്രത്തിൽ നിന്നുള്ള തിരുത്തൽ (ആവശ്യമെങ്കിൽ) | 23/10/2025 മുതൽ 25/10/2025 വരെ |
| 8. | അന്തിമ A – List, B – List പരീക്ഷാകേന്ദ്രത്തിൽ ലഭ്യമാക്കുന്ന തീയതി | 30/10/2025 |
| 9. | CE മാർക്ക് എൻട്രി | 31/10/2025 |
| 10. | ഹാൾടിക്കറ്റ് പരീക്ഷാകേന്ദ്രത്തിൽ ലഭ്യമാക്കുന്ന തീയതി | 03/11/2025 |
| 11. | Room Allocation, Attendance List എന്നിവ പരീക്ഷാകേന്ദ്രത്തിൽ ലഭ്യമാക്കുന്ന തീയതി | 06/11/2025 |

**സാങ്കേതിക സഹായങ്ങൾക്ക്**

**ഫോൺ നമ്പർ: 0471 – 2546832, 0471 – 2546833**

*E-Mail – equivalencyhelpdesk@gmail.com*